©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 12**<br>Vol. XII | **തിരുവനന്തപുരം, ബുധൻ**<br>Thiruvananthapuram, Wednesday | **2023 മാർച്ച് 22**<br>22nd March 2023<br>**1198 മീനം 8**<br>8th Meenam 1198<br>**1945 ചൈത്രം 1**<br>1st Chaithra 1945 | **നമ്പർ** No. **1077** |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 41/ലെഗ്.ബി2/2022/നിയമം.

*തിരുവനന്തപുരം, 2023 മാർച്ച് 21*
*1198 മീനം 7*
*1944 ഫാൽഗുനം 30.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2023 മാർച്ച് 20-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2023-ലെ 15-ാം ആക്റ്റ്

# 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ആക്റ്റ്

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2021 ലെ 15-ാം ആക്റ്റ്) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2021-ലെ 15-ാം ആക്റ്റിന്റെ റദ്ദാക്കൽ.—(1) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2021-ലെ 15-ാം ആക്റ്റ്) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും അപ്രകാരമുള്ള റദ്ദാക്കൽ 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2021-ലെ 15-ാം ആക്റ്റ്) പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രസ്തുത ആക്റ്റ് റദ്ദാക്കിയ തീയതി വരെ റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തര ഫലത്തെയോ അല്ലെങ്കിൽ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ കർത്തവ്യത്തെയോ ബാധ്യതയെയോ ബാധിക്കുന്നതല്ലാത്തതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/